പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1547

13/06/2014- ൽ മറുപടിക്ക്

**കുളമ്പുരോഗ നിർമ്മാർജ്ജന പരിപാടിയിലെ പോരായ്മകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. തിലോത്തമൻ: | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) സംസ്ഥാനത്ത് കുളമ്പുരോഗം ബാധിച്ച് കഴിഞ്ഞവർഷം എത്ര കന്നുകാലികൾ മരണമടഞ്ഞു എന്ന പറയാമോ; | എ) സംസ്ഥാനത്ത് കുളമ്പുരോഗം ബാധിച്ച് കഴിഞ്ഞവർഷം (1/08/2013 മുതൽ 31/03/2014 വരെ) 6171 ഉരുക്കൾ മരണമടഞ്ഞു |
| ബി) കുളമ്പുരോഗ നിർമ്മാർജ്ജനമടക്കം മൃഗസംരക്ഷണ വകപ്പിലൂടെ ചെലവഴിക്കേണ്ട കോടിക്കണക്കിന് രൂപ 2012 -13 വർഷത്തിൽ ചെലവഴിക്കാതിരുന്നതുമൂലം വൻനഷ്ടം സംസ്ഥാനത്തിനുണ്ടായിട്ടുണ്ടോ; ഇതു സംബന്ധിച്ച വിശദ വിവരം നൽകുമോ? | ബി) 2012 -13 വർഷത്തിൽ ബഡ്ജറ്റ് വഴി ലഭ്യമായ തുക ചെലവഴിച്ചിട്ടുണ്ട്. 2012 -13 സാമ്പത്തിക വർഷം കുളമ്പുരോഗനിർമ്മാർജ്ജനത്തിന വേണ്ടി സംസ്ഥാന പദ്ധതിയിനത്തിൽ Animal Disease Control Project ന് ധനസഹായമായി 200 ലക്ഷം രൂപയും, കേന്ദ്രാവിഷ്കൃതപദ്ധതിയായ 100% ധനസഹായ ത്തോടുകൂടി കുളമ്പുരോഗ നിർമ്മാർജ്ജന പദ്ധതിയ്ക്കായി ആദ്യ ബഡ്ജറ്റ് വിഹിതം 250 ലക്ഷം രൂപയായിരുന്നത് 125 ലക്ഷം രൂപയായി കുറയ്ക്കുകയുണ്ടായി. കേന്ദ്രത്തിൽ നിന്നും ആദ്യ ബഡ്ജറ്റിനനുസൃതമായി തുക ലഭിക്കാത്തതു മൂലമാണ് തുക 125 ലക്ഷത്തിൽ നിജപ്പെടുത്തേണ്ടി വന്നത്. സംസ്ഥാന പദ്ധതി യിൽ ഉള്ള 200 ലക്ഷം രൂപയും 100% കേന്ദ്രാവിഷ്കൃത പദ്ധതിയിലെ 122.41 ലക്ഷം രൂപയുമാണ് കുളമ്പുരോഗവുമായി ബന്ധപ്പെട്ട് ചെലവഴിക്കുന്നതിന് സാധിച്ചത്. കുളമ്പുരോഗ നിർമ്മാർജ്ജനത്തിനായി ബന്ധപ്പെട്ട് ഒരു തുകയും നഷ്ടപ്പെട്ടിട്ടില്ലാത്തതും അനുവദിക്കപ്പെട്ട മുഴുവൻ തുകയും ചെലവഴിക്കുന്നതിന് സാധിച്ചിട്ടുള്ളതുമാകുന്നു. |

സെക്ഷൻ ഓഫീസർ